(ബി) സംസ്ഥാനത്ത് പകർച്ചപ്പനി മുതലായ രോഗങ്ങൾ കൂടുന്ന സാഹചര്യത്തിൽ ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കാൻ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കാൻ നിലവിൽ സംവിധാനം ഇല്ല. എന്നാൽ സംസ്ഥാനത്ത് വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന പ്രവൃത്തികൾ നിലവിൽ നടപ്പിലാക്കി വരുന്നു.

1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നു. 2. പരിശോധന ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്വെയർ ഉപയോഗിച്ച് വരുന്നുണ്ട്.

3. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജൽജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABL അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടു തവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ യൂണിറ്റിനെ ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രളയഭീഷണി നേരിടാൻ കൂടുതൽ അണക്കെട്ടുകൾ

284(1030) ശ്രീ. യു. എ. ലത്തീഫ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയഭീഷണി നേരിടുന്നതിനായി കൂടുതൽ അണക്കെട്ടുകൾ ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാരിസ്ഥിതിക ആശങ്കകൾ പരിഹരിച്ച് പുതിയ അണക്കെട്ടുകൾ പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2018-19 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൂടുതൽ ഭീഷണി നേരിട്ട നദീ തടങ്ങളിൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ (CWC) പ്രളയ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രാഥമിക സാധ്യതാപഠനം (Hydrological Feasibility Study) നടത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള അണക്കെട്ടുകളിൽ പരമാവധി വെള്ളം സംഭരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2018-19 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തെ തുടർന്ന് ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ, എക്കൽ എന്നിവ നീക്കി അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്നതിനായുള്ള ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മംഗലം ഡാമിന്റെ ജല സംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ നടന്നു വരുന്നു. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കുകയും റീ-ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിക്കുകയും അപ്രകാരം ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മറ്റു ജലാശയങ്ങളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു.

പ്രളയഭീഷണി നേരിടാൻ കൂടുതൽ അണക്കെട്ടുകൾ

285(1031) ശ്രീ. പി. കെ. ബഷീർ:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയഭീഷണി നേരിടുന്നതിനായി കൂടുതൽ അണക്കെട്ടുകൾ ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.